(ബി) ഓരോ ബ്ലോക്കിനും അനുവദിച്ച തുകകൾ എത്രയാണെന്ന് വിശദമാക്കാമോ;

(സി) പേരമ്പ്ര ബ്ലോക്കിൽ ഏതെങ്കിലും പഞ്ചായത്ത് നീർത്തട വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ടോ;

(ഡി) പദ്ധതി പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ?

ഉത്തരം

(എ ആന്റ് ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ സമഗ്ര തരിശുഭൂമി വികസന പദ്ധതിയിൽപ്പെടുത്തി നീർത്തട വികസന പദ്ധതികൾ കണ്ണൂർ, കാസർഗോഡ്, ഇടുക്കി എന്നീ ജില്ലകളിൽ ഓരോ പദ്ധതികൾ വീതം ഗ്രാമവികസന വകുപ്പ് ഇപ്പോൾ നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി നടത്തിപ്പിനായി തുക അനുവദിക്കുന്നത് ബ്ലോക്ക് തിരിച്ചല്ല, പ്രോജക്ട് അടിസ്ഥാനത്തിലാണ്. പദ്ധതിയുടെ പേര്, വിസ്തീർണ്ണം, ഉൾപ്പെടുന്ന ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ പേര്, അടങ്കൽ തുക, ഇതുവരെ അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി ആന്റ് ഡി) ഗ്രാമവികസന വകുപ്പിന്റെ നീർത്തട വികസന പദ്ധതികളൊന്നും പേരാമ്പ്ര ബ്ലോക്കിൽ നടപ്പിലാക്കുന്നില്ല.

മഞ്ചേരി മണ്ഡലത്തിലെ ഗ്രാമീണ റോഡ്

196 [1672] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേരി നിയോജകമണ്ഡലത്തിൽ വെറ്റിലപ്പാറ മുതൽ ചാലിയാർ പഞ്ചായത്തുവരെയുള്ള ഗ്രാമീണ റോഡ് എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

മഞ്ചേരി നിയോജകമണ്ഡലത്തിൽ വെറ്റിലപ്പാറ മുതൽ ചാലിയാർ പഞ്ചായത്ത് വരെയുള്ള ഗ്രാമീണ റോഡ് പ്രവൃത്തി ഗ്രാമവികസന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly